**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1970** **29-09-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ? | (എ) | 2021 - 22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലത്തിലേക്ക് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് 5 തീരദേശ റോഡുകളുടെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ നിലവിലെ പുരോഗതി **അനുബന്ധം I** ആയി ചേർക്കുന്നു.<br><br>2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ മണ്ഡലത്തിലേയ്ക്കായി ഫിഷറീസ് വകുപ്പ് മുഖേനെ കിഫ്ബി ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനെ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭിച്ച പദ്ധതിയുടെ വിശദാംശം **അനുബന്ധം II** ആയി ചേർക്കുന്നു.<br><br>**സാഫ്**<br><br>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന കുണ്ടറ മണ്ഡലത്തിൽ അപ്പാരൽ പാർക്ക്, തീരമൈത്രി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതികൾ നടപ്പിലാക്കി.<br><br>**തീരമൈത്രി - ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം :**<br><br>മത്സ്യതൊഴിലാളി വനിതകളുടെ സമഗ്ര വികസനത്തിനും ശാക്തീകരണത്തിനും വേണ്ടി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ 75% ഗ്രാൻറായി നൽകികൊണ്ട് മത്സ്യതൊഴിലാളി കുടുംബങ്ങളിലെ വനിതകൾക്ക് സംരംഭം ആരംഭിക്കുന്നതിനുള്ള എല്ലാ സഹായവും നൽകി. 2 മുതൽ 5 വരെയുള്ളഅംഗങ്ങൾ അടങ്ങുന്ന ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം വരെ സംരംഭം ആരംഭിക്കുന്നതിന് തിരിച്ചടയ്ക്കാത്ത ഗ്രാൻറായി നൽകുന്നു. കുണ്ടറ നിയോജക |

| | | | |
|---|---|---|---|
| | | | മണ്ഡലത്തിൻറെ കീഴിൽ പേരയം എന്നീ പഞ്ചായത്തുകളിൽ നിന്നായി തീരമൈത്രി ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. പ്രൊവിഷൻ സ്റ്റോർ, ബേക്കറിയൂണിറ്റ്, ടെയിലറിംഗ് ആൻറ് ഗാർമെൻറ്സ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, ഫിഷ് പ്രൊസസിംഗ് യൂണിറ്റ്, കമ്പ്യൂട്ടർ സെൻറർ, ഐ.ടിസെൻറർ, ഹോം സ്റ്റേ എന്നിങ്ങനെ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>വിശദാംശങ്ങൾ **അനുബന്ധം III** ആയി ചേർക്കുന്നു.<br><br>നിലവിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ ആരംഭിച്ച ഗ്രൂപ്പുകൾ നല്ല രീതിയിൽ പ്രവർത്തിച്ചുവരികയും അവരുടെ വരുമാനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. യൂണിറ്റുകൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 19576 തൊഴിൽദിനങ്ങളിലായി 131.14 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 2.97 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.<br><br>അപ്പാരൽ പാർക്ക്:- 48 ഉൾനാടൻ മത്സ്യതൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് കൺസോർഷ്യം മാതൃകയിൽ അപ്പാരൽ പാർക്ക് (ന്യൂ ട്രാക്ക് സൊസൈറ്റി) പദ്ധതി നടപ്പിലാക്കി. കുണ്ടറ പഞ്ചായത്തിൽ കാഞ്ഞിരകോടിൽ ജില്ലാ മഹിള പവർലൂം ഇൻറസ്ട്രീയൽ വർക്ക്ഷോപ്പ് കോ - ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലാണ് ന്യൂ ട്രാക്ക് സൊസൈറ്റി പ്രവർത്തിക്കുന്നത്. നിലവിലെ അംഗങ്ങൾക്ക് തുടർന്ന് പ്രവർത്തിക്കുവാൻ താൽപ്പര്യമില്ലെന്ന് അറിയിച്ചിട്ടുണ്ട്. അപ്പാരൽ പാർക്കിൻറെ തുടർ പ്രവർത്തനങ്ങൾക്കായി സാഫ് ആക്ടിവിറ്റി ഗ്രൂപ്പ് അപ്പെക്സ് ഫെഡറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>ജനകീയ മത്സ്യകൃഷി പദ്ധതി, (ജെ എം കെ ) പ്രധാനമന്ത്രി മത്സ്യ സംപദായോജന (പി എം എം എസ് വൈ ) 2021-22 അനുവദിച്ച സബ്സിഡി തുകയുടെ വിശദാംശങ്ങൾ **അനുബന്ധം IV** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം I**</u>

| കാലയളവ് | പ്രവൃത്തികളുടെ പേര് | | പുരോഗതി |
|---|---|---|---|
| 2021-22 | പ്രവൃത്തികളില്ല. | | |
| 2022-23 | 1. | ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് നം.4, 5 ഉൾപ്പെട്ട ഗുരുമന്ദിരം മുതൽ പിള്ളവീട്ടിൽ ഏലാ വരെയുള്ള റോഡ്, ഇണ്ടിളയപ്പൻ സ്വാമി ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി റോഡ് എന്നിവയുടെ നവീകരണം. (ഭരണാനുമതി തുക – 50 ലക്ഷം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2023-24 | പ്രവൃത്തികളില്ല. | | |
| 2024-25 | 1. | പെരിനാട് ഗ്രാമപഞ്ചായത്തിലെ മാങ്കുഴി – ഫാത്തിമ മെമ്മോറിയൽ ജംഗ്ഷൻ റോഡ് (ഭരണാനുമതി തുക – 7.8 ലക്ഷം) | പ്രവൃത്തി പൂർത്തീകരിച്ചു. |
| | 2. | പെരിനാട് ഗ്രാമപഞ്ചായത്തിലെ മാങ്കുഴി തെങ്ങുവിള റോഡ്. (ഭരണാനുമതി തുക – 8.6 ലക്ഷം) | |
| | 3. | പെരിനാട് ഗ്രാമപഞ്ചായത്തിലെ മതിന്നൂർ ജംഗ്ഷൻ കുന്നിമ്മൽ കോളനി റോഡ്(ഭരണാനുമതി തുക – 16.80 ലക്ഷം) | |
| 2025-26 | 1. | മാമ്പൂട് സത്യൻ മെമ്മോറിയൽ ക്ലബ് നാലുമുക്ക് വഴി വില്ലേജ് ഓഫീസ് ജംഗ്ഷൻ റോഡ് (ഭരണാനുമതി തുക – 124 ലക്ഷം) | സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

**<u>അനുബന്ധം II</u>**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ആല്വമൂട് മത്സ്യമാർക്കറ്റ് | 167.81 | ആല്വമൂട് ഗ്രാമപഞ്ചായത്ത് പദ്ധതി സ്ഥലം ലഭ്യമാകേണ്ടതുണ്ട്. |

**അനുബന്ധം III**

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം**

| ക്രമ നം | യൂണിറ്റിന്റെ തരം | പഞ്ചായത്ത് | ഗ്രൂപ്പകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ഫിഷ്& ഫിഷ് പ്രൊസസിംഗ് | പേരയം | 3 | 7 | 7,00,000/- |
| 2 | പ്രൊവിഷൻസ്റ്റോർ | | 4 | 9 | 9,00,000/- |
| 3 | കമ്പ്യൂട്ടർ സെൻറർ | | 2 | 4 | 4,00,000/- |
| 4 | ഫ്ളോർമിൽ | | 1 | 3 | 3,00,000/- |
| 5 | ഹോം സ്റ്റെ | | 1 | 5 | 5,00,000/- |
| | ആകെ | | 11 | 28 | 28,00,000/- |

**റിവോൾവിംഗ് ഫണ്ട്**

| ക്രമനം | യൂണിറ്റിന്റെ തരം | പഞ്ചായത്ത് | ഗ്രൂപ്പകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ടെയിലറിംഗ് & ഗാർമെൻറ്സ് | പേരയം | 19 | 50 | 8,65,000/- |
| 2 | കാറ്ററിംഗ് | | 2 | 6 | 1,00,000/- |
| 3 | ഫിഷ്സ്റ്റാൾ | | 2 | 4 | 50,000/- |
| 4 | കംമ്പ്യൂട്ടർ സെൻറർ | | 1 | 2 | 25,000/- |
| 5 | പ്രൊവിഷൻസ്റ്റോർ | | 4 | 9 | 1,50,000/- |
| 6 | തീരമാവേലി | | 1 | 2 | 40,000/- |
| | ആകെ | | 29 | 73 | 12,30,000/- |

**ടെക്നോളജി അപ്ഗ്രഡേഷൻ**

| ക്രമ നം | യൂണിറ്റിന്റെ തരം | പഞ്ചായത്ത് | ഗ്രൂപ്പകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ടെയിലറിംഗ് & ഗാർമെൻറ്സ് | പേരയം | 2 | 4 | 54,325/- |
| 2 | തീരമാവേലി | | 1 | 2 | 15,760/- |
| 3 | പ്രൊവിഷൻ സ്റ്റോർ | | 1 | 2 | 30,338/- |
| | ആകെ | | 4 | 8 | 1,00,423/- |

**ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ് ടു ബിസിനസ്സ് ഗ്രൂപ്പ്സ്**

| ക്രമ നം | യൂണിറ്റിന്റെ തരം | പഞ്ചായത്ത് | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1 | ടെയിലറിംഗ്& ഗാർമെൻറ്സ് | പേരയം | 4 | 8 | 19,699/- |
| 2 | പ്രൊവിഷൻ സ്റ്റോർ | | 5 | 10 | 10,373/- |
| 3 | ഫിഷ്& ഫിഷ് പ്രൊസസിംഗ് | | 2 | 4 | 5274 |
| 4 | തീരമാവേലി | | 1 | 2 | 2504/- |
| | ആകെ | | 12 | 24 | 37,850/- |

## അനുബന്ധം IV

**ജനകീയ മത്സ്യകൃഷി പദ്ധതി, (ജെ എം കെ ) പ്രധാനമന്ത്രി മത്സ്യ സംപദായോജന (പി എം എം എസ് വൈ ) 2021-22 വർഷം അനുവദിച്ച സബ്സിഡി തുക**

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ജെ എം കെ | പി എം എം എസ് വൈ |
|---|---|---|---|
| 1 | പെരിനാട് | 653994 | 508756 |
| 2 | പെരയം | 927400 | 238000 |
| 3 | കുണ്ടറ | 339200 | 231200 |
| 4 | ഇളമ്പള്ളൂർ | | |
| 5 | കൊറ്റംകര | 19600 | |
| 6 | തൃക്കോവിൽവട്ടം | 689800 | |
| 7 | നെടുമ്പന | 227200 | |
| | ആകെ | 2857194 | 977956 |

**2022-23 വർഷം അനുവദിച്ച സബ്സിഡി തുക**

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | ജെ എം കെ |
|---|---|---|
| 1 | പെരിനാട് | 401510 |
| 2 | പേരയം | 396262 |
| 3 | കുണ്ടറ | 22134 |
| 4 | ഇളമ്പള്ളൂർ | 67503 |
| 5 | കൊറ്റംകര | 68640 |
| 6 | തൃക്കോവിൽവട്ടം | 350760 |
| 7 | നെടുമ്പന | 452696 |
| | ആകെ | 1759505 |

**2023-24 വർഷം അനുവദിച്ച സബ്സിഡി തുക**

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | ജെ എം കെ | പി എം എം എസ് വൈ |
|---|---|---|---|
| 1 | പെരിനാട് | 830199 | 236000 |
| 2 | പെരയം | 849072.4 | |
| 3 | കുണ്ടറ | 167284.4 | |
| 4 | ഇളമ്പള്ളൂർ | 102677.6 | |
| 5 | കൊറ്റംകര | 100964 | |

| | | | |
|---|---|---|---|
| 6 | തൃക്കോവിൽവട്ടം | 390377 | |
| 7 | നെടുമ്പന | 756421 | |
| | ആകെ | 3196995.4 | 236000 |

**<u>2024-25 വർഷം അനുവദിച്ച സബ്സിഡി തുക</u>**

| ക്രമ നം | ഗ്രാമ പഞ്ചായത്ത് | ജെ എം കെ | പി എം എം എസ് വൈ |
|---|---|---|---|
| 1 | പെരിനാട് | 102371 | |
| 2 | പെരയം | 164254 | |
| 3 | കുണ്ടറ | 36588 | |
| 4 | ഇളമ്പള്ളൂർ | 31727 | |
| 5 | കൊറ്റംകര | 57690 | |
| 6 | തൃക്കോവിൽവട്ടം | 79425 | 400000 |
| 7 | നെടുമ്പന | 205440 | |
| | ആകെ | 677495 | 400000 |